# നീരയ്ക്ക് അനുകൂലമായി സമർപ്പിച്ച റിപ്പോർട്ട് കടലാസിലുറങ്ങുന്നു

സ്വന്തം ലേഖകൻ

**വടകര:** നീരയ്ക്ക് അനുകൂലമായി പത്തുവർഷം മുമ്പ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി സർക്കാറിന് സമർപ്പിച്ച റിപ്പോർട്ട് കടലാസിലുറങ്ങുന്നു.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം സർക്കാറിന് നീരയ്ക്കും അനുബന്ധ ഉത്പന്നങ്ങൾക്കും അനുമതി നൽകാമെന്നിരിക്കെ വീണ്ടും കമ്മിറ്റിയും റിപ്പോർട്ടുമൊക്കെ എന്തിനെന്നാണ് കർഷകരുടെ ചോദ്യം. 2002-'03ലെ അബ്കാരി നയത്തിന്റെ ഭാഗമായാണ് നീരയുടെ വൈവിധ്യവത്കരണ സാധ്യതകളെക്കുറിച്ച് പഠിക്കാൻ സർക്കാർ വിദഗ്ധസമിതിയെ നിയോഗിച്ചത്. 2002 ഒക്ടോബറിൽ ഇതുസംബന്ധിച്ച് ഉത്തരവിറക്കി.

എക്സൈസ് കമ്മീഷണർ, ചീഫ് കെമിക്കൽ എക്സാമിനർ, നീര പുളിക്കാതെ സൂക്ഷിക്കുന്നതിനും അനുബന്ധ ഉത്പന്നങ്ങൾ നിർമിക്കുന്നതിനുമായ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്ത പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ അസോസിയേറ്റ് പ്രൊഫസർ എം.പി. ഗിരിധരൻ, മൈസൂർ സി.എഫ്.ടി.ആർ.ഐ. യിലെ ശാസ്ത്രജ്ഞൻ വി.ഡി. സത്തിഗേരി എന്നിവർക്ക് പുറമേ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നുമായി പത്തുപേർ കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു.

നീരയും അനുബന്ധ ഉത്പന്നങ്ങളും നിർമിക്കുന്നതിന് ആരാണോ താത്പര്യം പ്രകടിപ്പിക്കുന്നത് അവർക്ക് എല്ലാവിധ സ്വാതന്ത്ര്യവും പ്രോത്സാഹനവും നൽകണമെന്നാണ് ഈ കമ്മിറ്റി മുന്നോട്ടുവെച്ച പ്രധാന നിർദേശം. ലൈസൻസ് ആവശ്യകതയിൽനിന്ന് ഇവയെ മുക്തമാക്കണമെന്നും കമ്മിറ്റി നിർദേശിച്ചു. നീര ചെത്തുന്നതിനും മറ്റുമായി എന്തൊക്കെ മാനദണ്ഡങ്ങൾ ഏർപ്പെടുത്തണമെന്നും റിപ്പോർട്ടിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

അഞ്ച് തെങ്ങിൽ താഴെ നീര ചെത്തുന്നവർ ഇക്കാര്യം എക്സൈസ് വകുപ്പിനെ അറിയിച്ചാൽ മാത്രം മതി. അവർ, തെങ്ങ് മാർക്കുചെയ്തു കൊടുക്കണം. വ്യാവസായിക അടിസ്ഥാനത്തിൽ നീരയും അനുബന്ധ ഉത്പന്നങ്ങളും നിർമിക്കാൻ ആഗ്രഹിക്കുന്നവർ വിവരം മുൻകൂറായി എക്സൈസ് വിഭാഗത്തിനെ അറിയിച്ച് തെങ്ങുകളുടെ എണ്ണവും സ്ഥലവും വ്യക്തമാക്കണം. ഇതോടൊപ്പം കൃത്യമായ ഇൻപുട്ട്-ഔട്ട്പുട്ട് അനുപാതവും രേഖപ്പെടുത്തണം. ദുരുപയോഗം തടയാൻ പരിശോധനയും വേണം.

നീരയുടെ മറവിൽ കള്ള് വിൽക്കുന്നതായി തെളിഞ്ഞാൽ എക്സൈസ് നിയമപ്രകാരം നടപടി സ്വീകരിക്കാം. ദുരുപയോഗം ഇല്ലെങ്കിൽ ലൈസൻസ് ആവശ്യമില്ലെന്നും നികുതി അടയ്ക്കേണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നീര ഉത്പാദനത്തിന് അനുമതി നൽകിയാൽ തൊഴിലവസരം വർധിക്കുമെന്നും സാധാരണക്കാരന് ആരോഗ്യകരമായ പാനീയം കുടിക്കാൻ ലഭിക്കുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. എക്സൈസ്-കൃഷിവകുപ്പിന്റെ നിരീക്ഷണം എപ്പോഴും ഉണ്ടായിരിക്കണം. കർഷകർക്കും ചെത്തുകാർക്കും പരിശീലനം നൽകണം. ലഹരി ഇല്ലാത്തതിനാൽ നീര ഉത്പന്നങ്ങൾ കേരളത്തിലെ ചെത്തുവ്യവസായത്തിന് ഭീഷണിയാകില്ലെന്നും റിപ്പോർട്ടിലുണ്ട്.

ഉത്പാദന രംഗത്ത് സ്വകാര്യ സംരംഭകർക്ക് അവസരം നൽകിയാൽ വിപണനത്തെക്കുറിച്ചും ആശങ്കപ്പെടേണ്ട. നീര വൈവിധ്യവത്കരണം സാധ്യമായാൽ തേങ്ങയിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ അഞ്ച് മുതൽ പത്ത് മടങ്ങ് വരെ അധിക വരുമാനം കർഷകർക്ക് ലഭിക്കുമെന്നും റിപ്പോർട്ട് പറയുന്നു. നീര കൊണ്ടുള്ള ശീതള പാനീയം, തേൻ ശർക്കര തുടങ്ങി ആറ് ഉത്പന്നങ്ങൾ നിർമിക്കാൻ കഴിയും. ഇതെല്ലാം കമ്മിറ്റി പരിശോധിച്ചിരുന്നു.

നീര കൊണ്ടുള്ള 'കേരസുധ' എന്ന പാനീയം വികസിപ്പിച്ചെടുത്ത ഡോ. പത്തിയൂർ ഗോപിനാഥിനെയും കമ്മിറ്റി യോഗത്തിൽ പങ്കെടുപ്പിച്ചിരുന്നു. പാനീയം ഒരു ഹെൽത്ത് ടോണിക്ക് ആണെന്നും കമ്മിറ്റി വിലയിരുത്തുന്നു. ഇതിന്റെ പോഷകമൂല്യങ്ങളും വിവരിക്കുന്നുണ്ട്. ഇതെല്ലാമായിട്ടും നീരയ്ക്ക് അനുകൂലമായ ഈ റിപ്പോർട്ട് ആരും പരിഗണിച്ചില്ലെന്നത് കടുത്ത അവഗണനയായാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.